# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -2745** **17.06.2019-ലെ മറുപടി**

## ജലവിതരണ പദ്ധതികളുടെ നവീകരണവും വിപുലീകരണവും

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ. സി.കൃഷ്ണൻ<br>ശ്രീമതി യു. പ്രതിഭ | | കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഗ്രാമീണ ജലവിതരണ പദ്ധതികളും നഗരജല വിതരണ പദ്ധതികളും നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ, ബി, & സി) | കേരള ജല അതോറിറ്റിയുടെ കീഴിലുള്ള നഗരജലവിതരണ പദ്ധതികൾ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും കുടിവെള്ള വിതരണം മുടങ്ങാതെ നടത്തുന്നതിനും പഴയ പൈപ്പുകൾ മാറ്റി ജലചോർച്ച ഒഴിവാക്കുന്നതിനും കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതിനും കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനും ജലശുദ്ധീകരണശാലയുടെ സ്ഥാപിതശേഷി പൂർണ്ണ തോതിൽ ഉപയോഗപ്പെടുത്തുന്നതിനുമായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>1. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത പദ്ധതിയായ അമൃത് പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ 9 നഗരങ്ങളിൽപ്പെട്ട പ്രവർത്തികൾക്കു 1050.86 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി പദ്ധതി നടന്നു വരുന്നു.<br>2. കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച 61 കുടിവെള്ള പദ്ധതികളിൽ 50 കുടിവെള്ള പദ്ധതികൾക്ക് 2853.074 കോടി രൂപയുടെ അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ബാക്കി 963.52 കോടി രൂപയുടെ 10 കുടിവെള്ള പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. ശേഷിക്കുന്ന ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. നിലവിലുള്ള പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗം പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 11 സർക്കിളുകളിലായി നടപ്പിലാക്കാനായി 433.33 കോടി രൂപയ്ക്ക് സർക്കാരിൽ നിന്നും തത്വത്തിൽ അനുമതി |
| ബി) | കുടിവെള്ള വിതരണം മുടങ്ങാതെ നടത്തുന്നതിന് പഴയ പൈപ്പുകൾ മാറ്റി ജലചോർച്ച ഒഴിവാക്കുന്നതിനും കാലഹരണപ്പെട്ട പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | | |
| സി) | കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനായി ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണ തോതിൽ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ഇവയിൽ 10 സർക്കിളുകളിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ) പ്രൊപ്പോസലുകൾക്ക് 382.64 കോടി രൂപയ്ക്ക് കിഫ്ബിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. കൊച്ചി സർക്കിളിന്റെ പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.<br>3. സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 2016 മുതൽ 2018 വരെ ഉള്ള കാലയളവിൽ 753.99 കോടി രൂപയ്ക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമെ ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 279 പ്രവർത്തികൾക്കായി 84.1966 കോടി രൂപയുള്ള പ്രൊപ്പോസലുകൾ 16.05.2019 ൽ കൂടിയ ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>4. കുടിവെള്ള വിതരണം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി ജല ശുദ്ധീകരണ ശാലകളുടെ സ്ഥാപിത ശേഷി പൂർണ്ണ തോതിൽ ഉപയോഗപ്പെടുത്തുന്നതിന് ഉത്പന്ന ഘടകങ്ങളുടെ നിർമ്മാണം പൂർത്തിയായതും പൂർത്തീകരിച്ചു കൊണ്ടിരിക്കുന്നതും, വിതരണ ശൃഖല ഇല്ലാത്തതുമായ 128 പദ്ധതികൾക്ക് മുഖ്യ പ്രാധാന്യം നല്കി വിതരണ ശൃഖല സ്ഥാപിച്ച് നിലവിലുള്ള ശുദ്ധീകരണശാലകളിൽ നിന്നും ജനങ്ങൾക്ക് ജലമെത്തിക്കുവാൻ എന്ന ലക്ഷ്യത്തോടെ 11340 കോടിയുടെ പ്രൊപ്പോസലുകൾ RKI (റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്) പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ